Page 1 of 1

(സി) ബഹു. സുപ്രീംകോടതിയിൽ നിന്ന് ഉത്തരവുണ്ടായിട്ടുണ്ടെങ്കിലും ഭൂവുടമകൾ സ്വന്തം സ്ഥലത്ത് പെർമിറ്റ് അനുവദിച്ച 5 കേസുകൾ മാത്രമേ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളൂ. ടി കേസുകളിൽ സർക്കാരിനുണ്ടായ നഷ്ടം കണക്കാക്കിയിട്ടില്ല.

(ഡി) ത്രേസ്യാമ്മ ജേക്കബ് Vs ജില്ലാ ജിയോളജിസ്റ്റ് എന്ന കേസിൽ 8-7-2013-ൽ പുറപ്പെടുവിച്ച ഉത്തരവിനെതിരെ അപ്പീൽ സമർപ്പിക്കുന്നതിന് പകരം പുതിയ നിയമനിർമ്മാണം നടത്തുവാൻ സംസ്ഥാനത്തിന് സാധിക്കുമെന്ന അഡ്വ. ജനറലിന്റെ നിയമോപദേശത്തെ തുടർന്ന് ഇത് സംബന്ധിച്ച കരട് ബില്ല് സമർപ്പിക്കാൻ ലാന്റ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## ഇലക്ഷൻ സംബന്ധിച്ച താലൂക്ക് ആഫീസിലെ പ്രവർത്തനങ്ങൾ

136 (3883) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് വന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽനിന്നും ഇലക്ഷൻ സംബന്ധിച്ച ഓഫീസ് പ്രവർത്തനങ്ങൾ വെള്ളരിക്കുണ്ട് താലൂക്കിലേക്ക് മാറ്റിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിന്റെ ഇലക്ഷൻ വിഭാഗം ഹോസ്ദുർഗ്ഗ് താലൂക്കാഫീസിൽനിന്നും വെള്ളരിക്കുണ്ട് താലൂക്കാഫീസിലേക്ക് മാറ്റി വിജ്ഞാപനം ഇറക്കിയിരുന്നു. പക്ഷേ ഇതിനെതിരെ വിവിധ തലങ്ങളിൽ പ്രതിഷേധം ഉയർന്ന സാഹചര്യത്തിൽ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിന്റെ ഇലക്ഷൻ വിഭാഗം തിരികെ ഹോസ്ദുർഗ്ഗ് താലൂക്കാഫീസിലേക്കുതന്നെ മാറ്റുന്നതിന് ഇലക്ഷൻ കമ്മീഷന് പ്രൊപ്പോസൽ സമർപ്പിക്കുകയും ആയത് അംഗീകരിച്ച് ഉത്തരവായിട്ടുള്ളതുമാണ്. നിലവിൽ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിന്റെ ഇലക്ഷൻ വിഭാഗം ഹോസ്ദുർഗ്ഗ് താലൂക്കാഫീസിൽ തന്നെയാണ് പ്രവർത്തിക്കുന്നത്.

## ചടയമംഗലം മണ്ഡലത്തിലെ പട്ടയ വിതരണം

137 (3884) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചടയമംഗലം മണ്ഡലത്തിലെ വിവിധ വില്ലേജുകളിലായി പട്ടയം ലഭിക്കുന്നതിനുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാൻ നിലവിലുണ്ട് ; പ്രസ്തുത അപേക്ഷകൾ ഉടനെ തീർപ്പാക്കാനുള്ള നടപടി സ്വീകരിക്കാമോ ?

ഉത്തരം

വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly